DIRECTORATE OF TREASURIES
08 SEP 2017
THIRUVANANTHAPURAM-14

# കേരള സർക്കാർ

**സംഗ്രഹം**

കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടികൾക്ക് സെക്യൂരിറ്റി ആയി ട്രഷറിയിൽ നിക്ഷേപിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ പലിശ മാസം തോറും കെ.എസ്.എഫ്.ഇ. യ്ക്ക് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ.(പി)നമ്പർ. 116/17/ധന. തീയതി, തിരുവനന്തപുരം, 28.08.2017.

പരാമർശം :- (i) ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7.6.2017 - ൽ കൂടിയ യോഗത്തിന്റെ മിനിട്സ്.

(ii) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 9.6.2017 - ലെ IGR/6290/2017-C2 നമ്പർ കത്ത്.

(iii) ട്രഷറി ഡയറക്ടറുടെ 3.8.2017 - ലെ എഫ് 2/4337/2017 ാം നമ്പർ കത്ത്.

**ഉത്തരവ്**

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) നടത്തുന്ന ചിട്ടികൾക്ക് സെക്യൂരിറ്റി ആയി ട്രഷറിയിൽ നിക്ഷേപിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ പലിശ മാസം തോറും നൽകണമെന്ന ഈ സ്ഥാപനത്തിന്റെ ആവശ്യത്തെക്കുറിച്ച് 7.6.2017 - ൽ കൂടിയ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ കെ.എസ്.എഫ്.ഇ. ട്രഷറിയിൽ നിക്ഷേപിച്ച ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങളുടെ പ്രതിമാസ പലിശ ബന്ധപ്പെട്ട ചിട്ടി അസിസ്റ്റന്റ് രജിസ്ട്രാറുടെ പക്കൽ നിന്ന് നൽകപ്പെടുന്ന No Objection Certificate - ന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ട്രഷറിയിൽ നിന്നും നൽകാവുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (ii) - ലെ കത്ത് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

2. എന്നാൽ, നിലവിലെ ട്രഷറി സേവിംഗ്സ് ബാങ്ക് നിയമപ്രകാരം [കേരളാ ട്രഷറി കോഡ് വാല്യം 2 അനുബന്ധം 3 ചട്ടം 57(9)], ഓരോ നിക്ഷേപകനും അവരുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന നിക്ഷേപങ്ങളുടെ പലിശ കൈപ്പറ്റേണ്ടതുണ്ടെങ്കിലും ചിട്ടി അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ സെക്യൂരിറ്റിയായി കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ നിക്ഷേപിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ പ്രതിമാസ പലിശയും നിക്ഷേപതുകയും കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾക്ക് നൽകുന്നതിനും നിലവിലെ നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് ട്രഷറി ഡയറക്ടർ പരാമർശം (iii) - ലെ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി.

3. മാത്രമല്ല, ട്രഷറി കോർ ബാങ്കിംഗ് സംവിധാനത്തിൽ ഇപ്രകാരം No Objection Certificate - ന്റെ അടിസ്ഥാനത്തിൽ പലിശ, നിക്ഷേപതുക എന്നിവ നിക്ഷേപകന്റേതല്ലാത്ത മറ്റൊരു അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുന്നതിനും ഒരു സ്ഥിര നിക്ഷേപത്തിന് No Objection Certificate നൽകിയാൽ അതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥിര നിക്ഷേപം ക്ളോസ് ചെയ്യുന്നതു വരെ പ്രതിമാസ പലിശ നൽകുവാൻ സാധിക്കുന്നതാണെന്നും ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് 1.4.2017 മുതൽ ട്രഷറിയിൽ നിക്ഷേപിക്കുന്ന ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾക്ക് പ്രതിമാസ പലിശ വരവ് വയ്ക്കുന്നതിന് ബന്ധപ്പെട്ട ചിട്ടി അസിസ്റ്റന്റ് രജിസ്ട്രാറിൽ നിന്നും (ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ) 'No Objection Certificate' ഹാജരാക്കേണ്ടതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ പലിശ ബന്ധപ്പെട്ട കെ.എസ്.എഫ്.ഇ. ബ്രാഞ്ചിന്റെ റ്റി.പി. അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനും ചുവടെപ്പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഒരു സ്ഥിര നിക്ഷേപത്തിന് No Objection Certificate ലഭ്യമാക്കിയാൽ ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥിരനിക്ഷേപം ക്ളോസ് ചെയ്യുന്നതുവരെ പ്രതിമാസം പലിശ കെ.എസ്.എഫ്.ഇ. യുടെ അക്കൗണ്ടിൽ വരവ് ചെയ്തുനൽകുന്നതാണ്.

ii. കാലാവധി പൂർത്തിയായ സ്ഥിരനിക്ഷേപങ്ങളുടെ തുക കെ.എസ്.എഫ്.ഇ. യുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിന് സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിൽ സ്ഥിരനിക്ഷേപ തുക കൈപ്പറ്റിയതായും തുക കെ.എസ്.എഫ്.ഇ. യുടെ ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കണമെന്ന് ബന്ധപ്പെട്ട ചിട്ടി അസിസ്റ്റന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി ട്രഷറികളിൽ ഹാജരാക്കേണ്ടതുമാണ്.

5. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ട്രഷറി ചട്ടങ്ങളുടെ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി. കാഞ്ചന,**
ധനകാര്യ ജോയിന്റ് സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ), കേരള, തിരുവനന്തപുരം.
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ. ലിമിറ്റഡ്, കോർപ്പറേറ്റ് ഓഫീസ് : "ഭദ്രത", തൃശ്ശൂർ - 680 020.
നികുതി വകുപ്പ്.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ / സബ്ട്രഷറി ഓഫീസർമാർക്കും. (ട്രഷറി ഡയറക്ടർ മുഖാന്തിരം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

[signature]
സെക്ഷൻ ഓഫീസർ.

പുറത്തെഴുത്ത് നമ്പർ, എൻ2/4337/2017 തീയതി. 20.09.2017

എല്ലാ ട്രഷറി ഓഫീസർമാരുടെയും അറിവിലേക്കായും അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായും പകർപ്പ് അയയ്ക്കുന്നു.

[signature] 20.9.17
ട്രഷറി ഡയറക്ടർക്കു വേണ്ടി.

## NO OBJECTION CERTIFICATE

This is to certify that Assistant Registrar of chits, Office of the Sub Registrar, .................................. Department of Registration has no objection in permitting KSFE ..................................Branch to withdraw monthly interest of Fixed Deposit of Face Value of Rs.................... (FDR No: ..................................dated ..............) issued from Sub Treasury Office ...................................... deposited as security for the Chitty No .......................... of this office.

It is also certified that F.D. Receipt (No.................................. dated .................) of the Face Value of Rs.................should be released to the KSFE only after getting necessary instructions from this office.

ASSISTANT REGISTRAR OF CHITS
Office of the Sub Registrar
.....................................................